

## പ്രസവിച്ച പശുക്കൾ

ഇവയ്ക്ക് പച്ചരികഞ്ഞിയും തേങ്ങയും കൊടുക്കുന്നതിൽ തെറ്റില്ല. പക്ഷെ കുറച്ച് മാത്രം പശുവിന്റെ ദഹന പ്രക്രീയ വ്യത്യാസമായതുകൊണ്ട് അരി ആഹാരങ്ങൾ അധികമാവരുത്. പശുവിന്റെ വലിപ്പമുള്ള പാലുൽപാദനം കണക്കിലെടുത്ത് തീറ്റ നൽകണം സാധാരണയായി കൊടുക്കുന്ന സംരക്ഷണ തീറ്റയായ ഒന്നര-രണ്ട് കിലോയ്ക്ക് പുറമെ ദിവസവും ഒരു ലിറ്റർ പാലിന് 400 ഗ്രാം എന്ന കണക്കിൽ തീറ്റ മിശ്രിതം 20 – 30 ഗ്രാം ദിവസവും കൊടുക്കുക. പ്രസവിച്ച പശുക്കൾക്ക് വിര ഗുളിക ഡോക്ടറുടെ നിർദ്ദേശ പ്രകാരം കെടുക്കുക.

## തീറ്റയിൽ ചേർക്കാൻ പറ്റുന്ന മറ്റ് സാധനങ്ങൾ.

| | |
|---|---|
| കാപ്പിത്തൊണ്ട് | 25 ശതമാനം. |
| 100 കിലോ തീറ്റ മിശ്രിതത്തിൽ | 15 കിലോ എന്ന കണക്കിൽ |
| പച്ചക്കുരു ഉണക്കി പൊടിച്ചത് | 30 ശതമാനം |
| ചക്കമടൽ അരിഞ്ഞത് | 15 കിലോ വരെ ഒരു ദിവസം |
| പുളിങ്കുരു പൊടിച്ചത് (ചുവന്നതൊലി മാറ്റി) | 25 – 30 ശതമാനം |
| കപ്പ ഇല വാട്ടി പൊടിച്ചത് | 30 ശതമാനം |
| കൊക്കൊ തോട് പൊടിച്ചത് | 2 – 3 കിലോ വരെ ദിവസം |
| കപ്പച്ചണ്ടി 25 ശതമാനം | |
| കുരുമുളക് ചണ്ടി | 15 – 20 ശതമാനം |
| കവുങ്ങിൻ പാള അരിഞ്ഞത് വൈക്കോലിന്റെ കൂടെ 2 – 9 കിലോ ദിവസവും. | |
| കരിമ്പിൻചണ്ടി | 15 – 20 ശതമാനം |
| വാഴയില, പിണ്ടി മുതലായവ | 15 – 20 കിലോ ദിവസവും. |
| ശീമക്കൊന്ന ഇല, കുളവാഴ ഉണങ്ങിയത് | 10 – 15 ശതമാനം |
| കൈതച്ചക്ക ഇല മുള്ള കളഞ്ഞത് | 2 – 3 കിലോ ദിവസവും |
| പ്ലാവില കറകളഞ്ഞത് | 15 – 20 ശതമാനം ദിവസം |

വേനൽ കാലത്ത ഇവയൊക്കെ കൊടുക്കുമ്പോൾ പകുതിയെങ്കിലും തീറ്റ മിശ്രിതം കൂട്ടി കൊടുത്താലെ പാലിന് ഗുണവും അളവും ഉണ്ടാവുകയുള്ളു.


തയ്യാറാക്കിയത്
ഡോക്ടർ. എസ് ജയബാബു
സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (മൃഗസംരക്ഷണം)
ICAR കൃഷി വിജ്ഞാനകേന്ദ്രം
ശാന്തൻപാറ, ഇടുക്കി




### ശാസ്ത്രീയമയി സമീകൃതാഹാരത്തിലൂടെയും പ്രത്യുല്പാദനത്തിലൂടെയും

# പശുക്കളിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കാം


**ICAR-Krishi Vigyan Kendra**
Hosted By: Bapooji Sevak Samaj
Farm Science Centre, ICAR Govt. of India
Idukki Dist
Pethotty. P.O, Santhanpara, Idukki, Keralala, Pin: 685619
Phone: (04868) 247541, 247715
Email: kvksanthanpara@gmail.com
Website: www.kvkidukki.org

കറവ പശുക്കളിലെ ലാഭകരമായ പാലുല്പാദനത്തിന്റെ അടിസ്ഥാനം അവയിൽ നടപ്പാക്കുന്ന ശാസ്ത്രീയ പ്രത്യുല്പാദന പ്രക്രിയകളാണ്. നമ്മുടെ സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടണമെങ്കിൽ ഒരോ പശുവിന്റെ ആദ്യപ്രസവം 30 മാസം പ്രായത്തിനുള്ളിൽ നടക്കണം മാത്രമല്ല രണ്ടുപ്രസവങ്ങൾ തമ്മിലുള്ള അന്തരം 15 മാസമായി കുറക്കുന്നതിനും കഴിയണം. കൃത്രിമ ബീജധാരണത്തെ അടിസ്ഥാനപ്പെടുത്തി നടത്തുന്നശാസ്ത്രീയ പ്രത്യുൽപാദനവുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർ അറിഞ്ഞിരിക്കേണ്ട 25 സുപ്രദാന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. മദിലക്ഷണങ്ങൾ കാണിച്ചു തുടങ്ങുന്നതിന്റെ ആധാരം ഉരുവിന്റെ പ്രായമല്ല മറിച്ച് ശരീരതൂക്കങ്ങളാണ്.
2. ആദ്യത്തെ ഒന്നോരണ്ടോ മദിയിൽ ലക്ഷണങ്ങൾ പുറത്ത് കാണണമെന്നില്ല
3. പൂർണ്ണ ലൈംഗിക വളർച്ചയെത്തിയാൽ മാത്രമേ ക്രമമായ ഇടവേളയിൽ മദിലക്ഷണം കാണിക്കു.
4. പശുക്കളുടെ മതിചക്രത്തിന്റെ ശരാശരി ദൈർഘ്യം 21 ദിവസമാണ്. മതി ദൈർഘ്യം അസാധരണമായി കുറഞ്ഞാലും കൂടിയാലും ശ്രദ്ധിക്കണം.
5 മദിലക്ഷണങ്ങൾ സാധരണയായി 18 – 24 മണിക്കൂർവരെ നീണ്ടനിൽക്കാറുണ്ട്.
6. മദിലക്ഷണങ്ങൾ സൂക്ഷ്മായി നിരീക്ഷിക്കേണ്ടതുണ്ട്.
7. മദിക്കുന്ന കാലത്ത് പച്ചമുട്ടയുടെ വെള്ളപോലെ കൊഴുത്ത് സുതാര്യമായ സ്രവമാണ് സാധാരണയായി പശുവിന്റെ ഇനത്തിൽ നിന്നും പുറത്ത് വരുന്നത്.
8. മദിലക്ഷണങ്ങൾ തുടങ്ങിയാൽ 12 മണികൂറിന് ശേഷം ബീജധാരണത്തിന് വിധേയമാക്കുന്നത് നല്ലതാണ്.
9. ബീജധാന കേന്ദ്രത്തിലേക്ക് നടത്തി കൊണ്ടു പോകുന്ന ഉരുക്കൾക്ക് ബീജധാനത്തിന് മുൻപും പിൻപും ശേഷവും മതിയായ വിശ്രമം നൽകണം.
10. 16 – 18 മാസം പ്രായമായി എങ്കിൽ മാത്രമേ കിടാരികളെ ബീജാധാനത്തിന് വിധേയമാക്കവൂ.
    1) അനവസരത്തിലുള്ള ബീജധാനം ഗർഭാശയ അണുബാധയ്ക്ക് കാരണമാകും.
    2) വർഗമോ ഉറപ്പുവരുത്താൻ സാധിക്കാത്തതിനാലും ജനനേന്ദ്രീയ അണുബാധ ഉണ്ടാക്കുന്നതിനാലും മദിയുള്ള ഉരുക്കളെ മൂരിയുമായി ഇണചേർക്കരുത്.
    3) ബീജധാരണത്തിനായി ഉപയോഗിച്ച ബീജം നിറച്ചു വച്ചിരിക്കുന്ന ചെറിയ പോളിത്തീൻ കുഴലിന്റെ പുറമേ നോക്കി വിത്ത് കാളയുടെ വിവരങ്ങൾ മനസ്സിലാക്കി കുറിച്ചുവെയ്ക്കണം.
    4) ഒരു ദിവസത്തിൽ കൂടുതൽ മദി നീണ്ടു നിൽക്കുകയാണെങ്കിൽ24 മണിക്കൂർ ഇടവിട്ട് 2 പ്രാവശ്യം ഉരുവിനെ ബീജധാനത്തിന് വിധേയമാക്കേണ്ടതാണ്.
    5) മൂന്ന് പ്രവശ്യം ബീജധാരണം നടത്തിയിട്ടും ഗർഭം ധരിക്കാത്ത ഉരുക്കളെ വിദഗ്ദ പരിശോധനയ്ക്ക് വിധേയമാക്കണം.
    6) മദികാലത്തിന് ശേഷം രണ്ടോമൂന്നോ ദിവസങ്ങളൾക്കുള്ളിൽ ഈറ്റത്തിൽ നിന്നും രക്തം കലർന്ന സ്രവം ഒഴുകുന്നത് സാധാരണമാണ്. എങ്കിലും അമിത രക്തസ്രാവം ഒഴുകുന്നത് വന്ധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു.
    7) ബീജധാനത്തിനു ശേഷം 60 – 70 ദിവസങ്ങൾക്കുള്ളിൽ ഗർഭപരിശേധന നിർബന്ധമായും നടത്തേണം.
    8) ബാഹ്യലക്ഷണങ്ങൾ നോക്കി ഉരുവിന് ഗർഭമുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുന്ന രീതി അഭികാമ്യമല്ല.
    9) ഗർഭിണിയായ ഉരുവിന് യാതോരു ബുദ്ധിമുട്ടുമില്ലങ്കിൽ ഗർഭകാലം 295 – 300 ദിവസം വരെ നീണ്ടാലും കുഴപ്പമില്ല.
    10) ഗർഭകാലത്തിന്റെ അവസാനത്തെ രണ്ടുമാസം (60 ദിവസം) കറവ വറ്റുകാലം നൽകേണ്ടതാണ്.
    11) പ്രസവ സമയത്ത് തള്ളപശുവിനും കിടവിനും പ്രത്യേക പരിചരണം നൽകേണം പ്രസവ പ്രക്രിയ ക്രമമായി പുരോഗമിക്കുന്നിലെങ്കിൽ വിദഗ്ദ സഹായം തേടണം.
    12) പ്രസവ ശേഷം 6 – 12 മണിക്കൂറിനുള്ളിൽ മറുപിള്ള പുറത്ത് പോകുന്നില്ലെങ്കിൽ വിദഗ്ദസഹായം തേടണം.
    13) പ്രസവശേഷം അരമണിക്കൂറിനുള്ളിൽ കിടാവിന് കന്നിപ്പാൽ നൽകണം.
    14) പ്രസവശേഷം മൂന്നു മാസത്തിനുള്ളിൽ ഉരുവിന്റെ ബീജധാന തീയതി പ്രസവ തീയതി മുതലായവ കൃത്യമായി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

പശുക്കളിൽ മദിലക്ഷണം നിരീക്ഷിക്കുകയും ശരിയായ സമയത്ത് കൃത്രിമബീജധാനം നടത്തുകയും ചെയ്താൽ പശുക്കളിൽ ആദ്യ പ്രസവം നേരത്തേ നടക്കുകയും പ്രസവങ്ങൾ തമ്മിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യാവുന്നതാണ്. പശുവിന്റെ മദിചക്രത്തെകുറിച്ച് ക്ഷീരകർഷകർക്കിടയിലുള്ള ശാസ്ത്രീയമായ അവബോധം പാലുൽപാദനം വർദ്ധിപ്പിക്കാൻ വളരെയോറെ സഹായിക്കും.

**പശുക്കളിലെ തീറ്റ – പ്രാധാന്യ ക്രമം**

പശു വളർത്തൽ ഒരു മുഖ്യതൊഴിലായി മാറികഴിഞ്ഞിരിക്കുന്നു. പശുക്കൾക്ക് ഗുരുത്വാഹാരവും പുരുഷാഹാരവും അത്യന്താപേക്ഷിതമാണ്. പശു വളർത്തൽ ലാഭകരമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

പശുവിന്റെ ആമാശയം നാല് അറകളിലായി പ്രവർത്തിക്കുന്നു ഈ പ്രവർത്തനത്തിന് ആവശ്യമായ തീറ്റ സാധനങ്ങൾ നൽകേണ്ടതുണ്ട്.

**കന്നുകുട്ടികൾ**

ജനിച്ചത് മുതൽ 6മാസം വരെ ഇവയെ കന്നുകുട്ടി എന്നു പറയുന്നു. ഇവയ്ക്ക് ഏകദേശം ഒന്നരമാസം പ്രായമാകുമ്പഴേ ആമശയത്തിന് വളർച്ച് വരികയുള്ളൂ അതുവരെ തള്ളയുടെ പാൽ കുടിപ്പിക്കേണ്ടതും അത്യാവശമാണ്. വിര മരുന്ന് യഥാസമയം നൽകണം കാഫ് സ്റ്റാർട്ടർ തീറ്റ (20% മാംസ്യം അടങ്ങിയത്) ഈ പ്രായത്തിൽ നൽകണം. 6 മാസം പ്രായമായവർക്ക് ഒരു ദിവസം 500 ഗ്രാം തീറ്റയും പച്ചപ്പുല്ലും അത്യാവശമാണ്.

**കിടാരികൾ**

ആറ് മാസം പ്രായം മുതൽ ചനപിടിക്കുന്നത് വരെയുള്ള പ്രായത്തിൽ വളർച്ചയിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം വലിയ പശുക്കൾക്കുള്ള തീറ്റമിശ്രിതം (15% മാംസ്യം അടങ്ങിയത്) കൊടുക്കണം.

തീറ്റ എന്നുദ്ദേശിക്കുന്നത് ഒരു പിണ്ണാക്ക് മാത്രമല്ല കടലപിണ്ണാക്ക് മാത്രം കൊടുത്ത് പശുവിനെ വളർത്തുന്നത് നഷ്ടമാണ് തീറ്റ മിശ്രിതം എന്നുദ്ദേശിക്കുന്നത് ചോളം പലതരം പിണ്ണാക്കുകൾ, തവിട്, ധാതുലവണ മിശ്രിതം ഉപ്പ്മുതലായവ ചേർത്ത് ഉണ്ടാക്കുന്നവയാണ്. കമ്പോളത്തിൽ കിട്ടുന്ന തീറ്റ മിശ്രിതം ഉണ്ടാക്കാം ഒരു 100 കിലോഗ്രാം തീറ്റയ്ക്ക വേണ്ട സാധനങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| ചോളപ്പൊടി | 27 കിലോ. |
| കടലപിണ്ണാക്ക് | 30 കിലോ. |
| അരി തവിട് | 30 കിലോ |
| തേങ്ങാപിണ്ണാക്ക് | 10 കിലോ. |
| ധാതുലവണ മിശ്രിതം | 2 കിലോ |
| ഉപ്പ് | 1 കിലോ |
| ആകെ | 100 കിലോ |

ഇങ്ങനെയുണ്ടാക്കുന്ന ഒരു കിലോ തീറ്റയ്ക്ക് ഏകദേശം 870 രൂപ വിലവരുന്നുണ്ട്. തീറ്റ കുഴച്ച് കൊടുക്കുകയും വേറെ വെള്ളം കുടിക്കുവാനായി കൊടുക്കുകയും ചെയ്യുക. തണുപ്പാകാലത്ത് ചൂടുവെള്ളവും വേനൽകാലത്ത് പച്ചവെള്ളവും കൊടുക്കുക. കിടാരികൾക്ക് ദിവസം ഒന്നര – രണ്ട് കിലോ മിശ്രിതവും 15 – 20 കിലോ വൈക്കോലും പശുവിന് ചവച്ചരയ്ക്കുന്ന പ്രക്രിയയ്ക്ക് ആവശ്യമാണ്. അതിൽ നിന്ന് പോഷകങ്ങൾ കിട്ടുന്നില്ല. പച്ചപ്പുല്ല് ഉണക്കി ഹേയാക്കിയും, സൈലേജ് ആക്കിയും ഉപയോഗിക്കാം. വേനൽകാലത്തേക്ക് ഇവ ഉപകാരപ്പെടും CO1, CO3 കോംഗോസിൽഗ്നൽ മുതലായ ഗുണമേന്മയുള്ള പുല്ലിനങ്ങൾ കൃഷി ചെയ്യുക. ഇവ വൈക്കോലിനോടൊപ്പം ചേർത്ത് കൊടുക്കുകയാണെങ്കിൽ പശുക്കൾക്ക് ദിവസവും ഒന്നരകിലോ തീറ്റ മിശ്രിതം കുറയ്ക്കാൻ സാധിക്കും. അസോള 2 കിലോ വരെ ദിവസവും കൊടുക്കാം.